അനഭിമതരായ കുവൈറ്റ് പൗരൻമാരുടെ കേരള സന്ദർശനം

* 11 [11] ശ്രീ. കെ.ടി. കണാരൻ:
,, കെ.പി. പ്രഭാകരൻ:
ശ്രീമതി മാർഗ്ഗവീതകുട്ടൻ:
ശ്രീ. പി. കുമാരൻ:
,, എം.കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) അനഭിമതരായ കുവൈറ്റ് പൗരൻമാർ വിസയില്ലാതെ കേരളത്തിൽ നടത്തിയ സന്ദർശനത്തെ സംബന്ധിച്ച് പ്രശ്നങ്ങൾ അന്വേഷിക്കുവാൻ നിയുക്തനായ അഡീഷണൽ ചീഫ് സെക്രട്ടറി ഗവൺമെൻറിന് റിപ്പോർട്ട് സമർപ്പിച്ചുവോ;

(ബി) ഇല്ലെങ്കിൽ അന്വേഷണം അനിശ്ചിതമായി നീണ്ടു പോകാൻ കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഇല്ല.

(ബി) ഇവിടുത്തെ അന്വേഷണം പൂർത്തിയായിട്ടുണ്ട്. ബന്ധപ്പെട്ട കേന്ദ്രഗവൺമെൻറ് വകുപ്പുകളുമായി ആലോചിച്ച് അഡീഷണൽ ചീഫ് സെക്രട്ടറി റിപ്പോർട്ട് പൂർത്തിയാക്കും.

വിഭവ സമാഹരണം

* 12 [12] ശ്രീ. ടി.കെ. ഹംസ:
,, സി.കെ. ചക്രപാണി:
,, ടി.കെ. അബ്ദു:
,, പി.വി. കുഞ്ഞിക്കണ്ണൻ:
,, സി.പി. മുസ്സാൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഏഴാം പദ്ധതിക്കാലത്ത് 130 കോടി രൂപയുടെ അധിക വിഭവസമാഹരണം നടത്തുന്നതാണെന്ന് സംസ്ഥാന ഗവൺമെൻറ് പ്ലാനിംഗ് കമ്മീഷനു ഉറപ്പ് നൽകിയിരുന്നുവോ;

(ബി) എങ്കിൽ ഉറപ്പ് പാലിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഏഴാം പദ്ധതിക്കാലത്ത് 1002.92 കോടി രൂപയുടെ അധിക വിഭവ സമാഹരണം നടപ്പിലാക്കേണ്ടതുണ്ട്. ഏഴാം പദ്ധതിയുടെ രണ്ടാം വർഷമായ 1986–87–ൽ 130.20 കോടി രൂപയുടെ അധിക വിഭവസമാഹരണം നടത്തണമെന്നാണ് അംഗീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly